## പതിമൂന്നാം കേരള നിയമ സഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 7** **10.12.2012 ൽ മറുപടിയ്ക്ക്**

### കൊച്ചി മെട്രോ റെയിൽവേ

**ചോദ്യം**

ശ്രീ.എസ്.ശർമ്മ
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.സാജു പോൾ
പ്രൊഫ.സി.രവീന്ദ്രനാഥ്

**ഉത്തരം**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽവേയുടെ നിർമ്മാണ ചുമതല ഡി.എം.ആർ.സിയേയും ശ്രീ.ഇ.ശ്രീധരനേയും ഏല്പിക്കുവാൻ തയ്യാറാകുമോ; | (എ) യും (ബി) യും (സി) യും | കൊച്ചി മെട്രോ പദ്ധതി ഡി.എം.ആർ.സി.യുടെയും ഡോ.ഇ.ശ്രീധരന്റെയും പങ്കാളിത്തത്തോടെ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ ഉദ്ദേശത്തോടു കൂടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നവംബർ 23-ന് ഡൽഹിയിൽ വച്ച് കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിയുമായി യോഗം ചേർന്നിരുന്നു. ഡൽഹി മെട്രോയുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ ഡി.എം.ആർ.സി കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുമെന്ന് അന്നത്തെ യോഗത്തിൽ തീരുമാനമായിരുന്നു. |
| (ബി) | നിർമ്മാണച്ചുമതല സംബന്ധിച്ച് മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരുമായി നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (സി) | ഡി.എം.ആർ.സി.യുടെയും ശ്രീ.ഇ.ശ്രീധരന്റെയും ചുമതലകൾ വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | അതിന്റെയടിസ്ഥാനത്തിൽ കൊച്ചി മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.യുടെ പങ്ക് നിർണ്ണയിക്കുന്നതിനായി ഒരു ടേംസ് ഓഫ് എൻഗേജ്മെന്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ് |
| (ഡി) | കൊച്ചി മെട്രോയുടെ നിർമ്മാണച്ചുമതലയുടെ കാര്യത്തിൽ ഡി.എം.ആർ.സി.യുമായി ഉണ്ടായിരുന്ന ധാരണകളിൽ നിന്നും വ്യത്യസ്തമായി ഇപ്പോഴത്തെ സ്ഥിതി ഉളവാകാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | ഡൽഹിക്കു പുറത്തുള്ള ജോലികൾ ഏറ്റെടുക്കുന്നതിന് ഡയറക്ടർ ബോർഡിന്റെ അനുമതി വേണമെന്ന് ഒക്ടോബർ 15-ന് ചേർന്ന ഡി.എം.ആർ.സി.ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്തിരുന്നു. കൂടാതെ ഡൽഹിയിലെ പുതിയ പദ്ധതികൾ ഏറ്റെടുക്കേണ്ടതുള്ളതിനാലും നിലവിലുള്ള 1, 2 ഘട്ടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുള്ളതിനാലും ഡി.എം.ആർ.സിക്ക് ഡൽഹിക്കു പുറത്തുള്ള മറ്റു പദ്ധതികൾ ഏറ്റെടുക്കാൻ പ്രയാസമാണെന്ന് ഡൽഹി മുഖ്യമന്ത്രി കേരള മുഖ്യമന്ത്രിക്കയച്ച കത്തിൽ അറിയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിലാണ് ബഹു |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രിയുടെ നേതൃത്ത്വത്തിലുള്ള മന്ത്രിമാരുടെ ഡെലിഗേഷൻ കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിയുമായി 23.11.2012 ൽ കൂടിക്കാഴ്ച നടത്തിയത്. അതിനെ തുടർന്നാണ് കൊച്ചി മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സിയുടെ പങ്ക് ഏത് പ്രകാരത്തിൽ ആയിരിക്കണമെന്നതു സംബന്ധിച്ച് പുതിയ ടേംസ് ഓഫ് എൻഗേജ്മെന്റ് ഉണ്ടാക്കാൻ തീരുമാനിച്ചത്. അത് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**